യോഹ. 2:13-22

**2023 നവംബർ 19**

# വചനസന്ദേശം

**ഫാ. അഖിൽ ഇടശ്ശേരി**

## <u>വിശുദ്ധീകരിക്കപ്പെടേണ്ട ആലയങ്ങൾ</u>

പള്ളിക്കൂദാശാക്കാലം മൂന്നാമത്തെ ഞായറാഴ്ച വി. യോഹന്നാന്റെ സുവിശേഷം രണ്ടാം അദ്ധ്യായം 13 മുതൽ 22 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തു ദേവാലയം ശുദ്ധീകരിക്കുന്ന രംഗമാണ് നമ്മൾ വായിക്കുന്നത്.

ഈ വചനഭാഗം വായിക്കുമ്പോൾ നമ്മൾ ചിന്തിക്കേണ്ടതും മനസ്സിലാക്കേണ്ടതുമായ കുറച്ചു കാര്യങ്ങളുണ്ട്. ഒരുപക്ഷേ, നമ്മോട് നാം തന്നെ ചോദിക്കേണ്ട ചോദ്യങ്ങളും.

എങ്ങനെയാണ് ദൈവത്തിന്റെ ആലയം കച്ചവടത്തിനുള്ള ആലയമായി മാറിയത്? ജറുസലേം ദേവാലയത്തിന്റെ ഏറ്റവും പുറത്തായി തെക്കുഭാഗത്ത് ജനതകളുടെ പ്രാർത്ഥനയ്ക്കുള്ള സ്ഥലം സ്ഥിതി ചെയ്തിരുന്നു. അവിടെ യഹൂദനെന്നോ വിജാതീയനെന്നോ തരംതിരിവില്ലാതെ ആർക്കുവേണ മെങ്കിലും പ്രവേശിക്കാനും ആരാധിക്കാനും അവസരം ഉണ്ടായിരുന്നു. വിജാതീയ മുദ്രകളുള്ള നാണയ ങ്ങൾ ദേവാലയ ഭണ്ഡാരത്തിൽ നിക്ഷേപിക്കരുത് എന്ന നിയമത്തിന്റെ മറപറ്റി നാണയമാറ്റക്കാർ അവിടെ ഇടം പിടിച്ചു. ഊനമറ്റതിനെ മാത്രമേ ബലിയർപ്പിക്കാവൂ എന്നുള്ളതുകൊണ്ട് ആടിനെയും പ്രാവിനെയും വിൽക്കുന്നവരുടെ കച്ചവടവും പൊടിപൊടിച്ചു. അങ്ങനെ മനുഷ്യന് ദൈവത്തെ കണ്ടുമു ട്ടാനുള്ള ഇടവും ദൈവാനുഭവത്തിനുള്ള സാധ്യതയും നഷ്ടമായി.

യേശുവിന്റെ പഠനത്തേക്കാളും പ്രസംഗത്തേക്കാളും ദേവാലയത്തിലെ കച്ചവടങ്ങളിൽ യേശു കൈവച്ചത് മഹാപുരോഹിതരെ പ്രകോപിപ്പിക്കാൻ ഇടവരുത്തിയതെന്തുകൊണ്ടായിരുന്നു? എല്ലാ ദേവാ ലയ കച്ചവടക്കാരും ഒരംശം, പുരോഹിതർക്കും സിൽബന്ധികൾക്കും നല്കിയിരുന്നു. ജറുസലേം ദേവാലയത്തിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ട് ജീവിച്ചിരുന്നവരായിരുന്നു ലേവ്യരും, ഏകദേശം ഇരുപതിനായിരത്തോളം വരുന്ന പുരോഹിതരും. കൂടാതെ ജറുസലേം നിവാസികളുടെ പ്രധാന വരു മാന മാർഗം മതത്തിൽ നിന്നും ആയിരുന്നു.

യഹൂദനിയമമനുസരിച്ചുള്ള പെസഹാ തിരുനാൾ ആചരിക്കാനായിരുന്നു യേശുവും ശിഷ്യന്മാരും ജറുസലേം ദേവാലയത്തിലെത്തിയത്. ഒരുപക്ഷേ, സുവിശേഷത്തിൽ മറ്റൊരിടത്തും കാണാത്ത വിധം കോപാകുലനായാണ് മിശിഹാ ദേവാലയത്തിൽ പെരുമാറുന്നത്. അതിന് പിന്നിലുള്ള കാരണം 'മർ ക്കോസ് 11:17' വ്യക്തമാക്കുന്നു: ''അവൻ അവരെ പഠിപ്പിച്ചു. എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടുമെന്ന് എഴുതപ്പെട്ടിട്ടില്ലേ? നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹ യാക്കി തീർത്തിരിക്കുന്നു.''

എന്താണ് യഥാർത്ഥത്തിൽ ദേവാലയങ്ങൾ? ദൈവം വസിക്കുന്ന, ദൈവ ത്തെ അനുഭവിക്കാൻ സാധിക്കുന്ന, ദൈവത്തിന് ഇടപെടാൻ സാധിക്കുന്ന ഇടങ്ങളെല്ലാം ദേവാലയങ്ങളാണ്. പ്രധാനമായും മൂന്ന് തരത്തിലുള്ള ദേവാലയങ്ങളാണ് ഉള്ളത്. ഒന്ന്, നമ്മുടെ ശരീരമാകുന്ന ദേവാലയമാണ്. അതിനാ ലാണ് പൗലോസ് ശ്ലീഹ ഇപ്രകാരം പറയുന്നത്, നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണ്, നിങ്ങളിൽ ദൈവാത്മാവ് വസിക്കുന്നുണ്ടെന്ന് നിങ്ങളറിയുക. നമ്മുടെ ചുറ്റുമുള്ളവർക്കും നമ്മൾ ജീവിതത്തിൽ കണ്ടുമുട്ടുന്നവർക്കും നാം ഒരു അനുഭവമായിത്തീരണമെങ്കിൽ നാം കർത്താവിന്റെ ജീവിക്കുന്ന ആലയ ങ്ങൾ ആയിരിക്കണം. നമ്മുടെയെല്ലാം ഉള്ളിൽ ദൈവം വസിക്കുന്നുണ്ടെന്ന് നമ്മുടെ ചുറ്റിലുമുള്ളവർക്ക് പറയാനും മനസ്സിലാക്കാനും സാധിക്കണം. രണ്ട്, പ്രകൃതിയാകുന്ന ദേവാലയമാണ്. നമ്മുടെ ചുറ്റിലും നമ്മൾ കാണുന്ന; ആസ്വദിക്കുന്ന, നമുക്കായി ദൈവം ഒരുക്കിയിരിക്കുന്ന ഈ പ്രകൃതി ദൈവം വസി ക്കുന്ന ഇടമാണ്. അതിനാലാണ് ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നത്: 'താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു.' മൂന്നാമതായി നാം പ്രാർത്ഥിക്കാൻ ഒരുമിച്ചു കൂടുന്ന ദേവാലയ മാണ്. പലപ്പോഴും ദൈവത്തിന്റെ സാന്നിധ്യം കൂടുതലായി പലർക്കും അനുഭവിച്ചറിയാൻ സാധി ക്കുന്നത് പ്രാർത്ഥനാലയമായ ദൈവാലയത്തിലാണ്.

കർത്താവിന്റെ ദേവാലയ ശുദ്ധീകരണം, സുവിശേഷം പറയാതെ പറയുന്ന, ജൈവികം മാത്രമല്ലാത്ത, ആത്മീകം കൂടി ഉൾപ്പെടുന്ന മനുഷ്യശരീരത്തിന്റെ ശുദ്ധീകരണത്തെ കൂടി ഉൾപ്പെടുന്നു. അതി നാൽതന്നെ ദൈവത്തിന്റെ ആലയങ്ങളാകുന്ന നാം ഓരോരുത്തരും ദേവാലയത്തിനുതകുന്ന പ്രവൃത്തി

കൾ ചെയ്തുകൊണ്ട് ദൈവത്തിന്റെ ജീവിക്കുന്ന ആലയങ്ങൾ ആയിത്തീരട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എ